No. 74/Est/2017

"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3/753/12/സിഇ/തസ്വഭവ

തീയതി : 20.06.2017

# സർക്കുലർ

വിഷയം:- തസ്വഭവ റോഡ് നിർമ്മാണത്തിൽ ബിറ്റുമിനോടൊപ്പം പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടു ത്തുന്നത്-സംബന്ധിച്ച്.

സൂചന:- 29.05.2017-ന് തസ്വഭവ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ കൂടിയ യോഗത്തിലെ നിർദ്ദേശം.

മേൽ സൂചന പ്രകാരം 2017-18 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ വകുപ്പ് ഏറ്റെടുക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ 20% റോഡു പ്രവൃത്തികളിൽ പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിരിക്കുന്നു. ആയതിലേയ്ക്കായി ക്ലീൻ കേരള മിഷൻ മുഖേന ആവശ്യമായ പ്ലാസ്റ്റിക് ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ 2017-18 സാമ്പത്തിക വർഷം മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപങ്ങളും സാമ്പത്തിക വർഷം നടപ്പാക്കുന്ന റോഡു പ്രോജക്ടുകളിൽ 20% പ്ലാസ്റ്റിക് ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നിർവ്വഹിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും (ത്രിതല പഞ്ചായത്ത്),ഉത്തര/ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീ യർമാർ (മുനിസിപ്പാലിറ്റികൾ), കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും മേൽ നിർദ്ദേശം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

സാങ്കേതികാനുമതി നൽകുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് മേൽ കാര്യം സാങ്കേതിക അനുമതി നൽകുന്ന ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതും പ്ലാസ്റ്റിക് ഉപ യോഗിച്ച് സാങ്കേതികാനുമതി നൽകിയ വിശദാംശങ്ങൾ ഈ ഓഫീസിൽ ഉചിതമാർഗേന റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ചീഫ് എൻജിനീയർ

S 1030